# St.ANNE'S HIGHER SECONDARY SCHOOL
# PUTHENCAVU, CHENGANNUR




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# തപസ്യ

## ഡിജിറ്റൽ മാഗസിൻ

## LK 2018-19

# തപസ്യ

## ഡിജിറ്റൽ മാഗസിൻ

## LK 2018-19

### സെന്റ് ആൻസ് ജി. എച്ച്. എസ്. എസ്

### പുത്തൻകാവ്, ചെങ്ങന്നൂർ



## ARCH BISHOP MAR IVANIOS

*Our Founder*



# സന്ദേശം

ആധുനികയുഗം ശാസ്ത്ര -സാങ്കേതിക വിദ്യകളാൽ

സമ്പന്നമാണ്. ഇന്നിന്റെ തലമുറ ഈ നൂതന സാധ്യതകൾ ഉപയോഗിച്ച് പഠനം നടത്തുകയും ജീവിതം മെച്ചപെടുത്തുകയും ചെയ്യുന്നു.ഡിജിറ്റൽ-യുഗം ശക്തമായിക്കൊണ്ടിരിക്കുന്നു.21 -ആം നുറ്റാണ്ട് കമ്പ്യൂട്ടർ വത്ക്കരിക്കപ്പെട്ടുകഴിഞ്ഞു എന്നത് അഭിമാനജനകമാണ്.ആയതിനാൽ മനുഷ്യന് ജോലി

എളുപ്പമായി മാറിക്കഴിഞ്ഞു. ഒരുവന്റെ സമഗ്രവികസനം സാധ്യമാകും വിധം പഠനമേഖല മെച്ചപ്പെട്ടു കഴിഞ്ഞു. കേരളസംസ്ഥാനവിദ്യാഭ്യാസവകുപ്പ്ഏർപ്പെടുത്തിയിരിക്കുന്ന "LITTLE KITES"എന്ന സംരംഭം കുട്ടികൾക്കു പഠനത്തിൽ വലിയ സാധ്യതകൾ നൽകുവാൻ പര്യപ്തമാണ്. LITTLE KITES -ന്റെ എല്ലാ സംരംഭങ്ങൾക്കും വിജയങ്ങൾ ആശംസിക്കുന്നു.ഒപ്പം ഡിജിറ്റൽ മാഗസിൻ ഏവർക്കും ഉപയുക്തം ആകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സിസ്റ്റർ ആത്മജ

Headmistress



# എഡിറ്റോറിയൽ



അനുദിനം വളർച്ചയുടെ പടവുകൾ പിന്നിട്ടുകൊണ്ടിരിക്കുന്ന ഈ അത്യാധുനിക ലോകത് വിവരസാങ്കേതിക വിദ്യ ഒഴിച്ച് കൂടാൻ പറ്റാത്ത ഘടകമാണ് . അതിനാൽ സ്കൂൾ വിദ്യാർഥികൾക് വിവരസാങ്കേതിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയ ലിറ്റിൽ കൈറ്റ്സ് എന്ന ഡിജിറ്റൽ പാഠ്യപദ്ധതി പ്രശംസനീയമാണ്.ഇത്തരുണത്തിൽ ഇപ്രകാരം ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സാധിച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണ്.അതിനു സർവശക്തനായ ദൈവത്തോട് നന്ദി രേഖപ്പെടുത്തുന്നു.ഈ ഡിജിറ്റൽ മാഗസിന് നല്ല ഒരു സന്ദേശം നൽകിയ ഹെഡ് മിസ്ട്രസ് സിസ്റ്റർ ആത്മജയോടുള്ള നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.വേണ്ട മാർഗനിർദേശം നൽകിയ അധ്യാപകരെയും ഇതിൽ പങ്കാളികളായ സഹപ്രവർത്തകരെയും നന്ദിയോടെ ഓർക്കുന്നു.എല്ലാ പ്രാർത്ഥനകളും നന്മകളും നേർന്നുകൊണ്ട്,

ദേവനന്ദന .എസ്

എഡിറ്റർ

# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ സാധിച്ചതിൽ അഭിമാനിക്കുന്നു. കുട്ടികളുടെ ഉള്ളിൽ അലിഞ്ഞു ചേർന്നിരിക്കുന്ന കഴിവുകൾ പ്രകടിപ്പിക്കാനുള്ള ഒരു അവസരമായി ഇതിനെ കാണുന്നു. വിശ്വവിഹായസ്സിലേക്ക് പറന്നുയരുന്ന പട്ടം പോലെ കുഞ്ഞുങ്ങളുടെ ചിന്തകളും വാക്കുകളും പ്രവർത്തനങ്ങളും ഉയരങ്ങളിലേക്ക് ഗമിക്കട്ടെ എന്ന് ആശംസയോടെ.

ബിനുമോൾ മാത്യു
ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ

## EDITORIAL BOARD



## LITTLE KITES MEMBERS



# മഴ

ദൈവം ഭൂമിയെ കനിഞ്ഞനുഗ്രഹിച്ച വരദാനമാണ് മഴ.മഴത്തുള്ളികൾ ഇതളുകളിൽ തട്ടിത്തട്ടി വീഴുന്നത് കാണാൻ എന്ത് രസമാണ്.ഇതളുകളിൽ വീഴുന്ന മഴത്തുള്ളികൾ കണ്ടാൽ കത്തിനിൽക്കുന്ന ബൾബ് പോലെ തോന്നും.ക്രിസ്മസ് ട്രീയിൽ കത്തിനിൽക്കുന്ന മാലലൈറ്റുപോലെ അവ ഇതളുകളളിൽ തട്ടി തുള്ളിതുള്ളിയായി വീഴുന്നു.മഴയുടെ താളം എന്ത് രസമുള്ളതാണ് .പാട്ടുവൃന്ദത്തിന്റെ താളം പോലെ അവ ഒന്നായി ചേർന്ന് പാടുന്നു.കൂട്ടിനു താളമായി ഇടിയും വെളിച്ചത്തിനായി മിന്നലും കടന്നു വരുന്നു.മഴ കഴിഞ്ഞാൽ ഒരു ഗാനമേള കഴിഞ്ഞ അനുഭവമാണ്.മഴ കഴിയുമ്പോൾ എന്ത് ശാന്തത.തീർച്ചയായും മഴ നമ്മുടെ വരദാനമാണ്.

ആൻസി എ മാത്യു
9 B



അലീന എ തോമസ്
9 B

# പ്രകൃതി

പണ്ടെന്റെ നാട്ടിൽ പല പല പക്ഷികൾ
പാറിപ്പറന്നു നടന്നിരുന്നു.
പച്ചിലത്തുമ്പിലും പാലമരത്തിലും
പാട്ടുകൾ പാടിപ്പറന്നിരുന്നു.

എത്രയോ വർണ്ണചിറകുകളുള്ളവ
എത്രയോ പൂക്കളിൽ വന്നിരുന്നു.
എത്രയോ നേരങ്ങൾ പാടവമോടവ
ഇത്രയേറെ തേൻ നുകർന്നിരുന്നു.

നാനാതരം പക്ഷിജാലങ്ങൾക്കൊക്കെയും
തേനുണ്ണുവാൻ പൂ വിടർന്നിരുന്നു
നാനാ ജാതി മനുജന്മാരീ ഭൂമിയെ
നാനാ വിധമാക്കിത്തീർക്കുന്നിപ്പോൾ.

പ്രകൃതമാകുന്നുവോ ആകാശ ഭൂമികൾ
ആകെയൊരസ്വസ്ഥം തോന്നുന്നുവോ?
ആകൃതിയും ഭൂപ്രകൃതിയും മാറുന്നുവോ?
ആകെ വികൃതികൾ കാണുന്നുവോ?

# വൈകിയെത്തിയ തിരിച്ചറിവ്

പച്ചപ്പുമൂടിയ ഒരു കൊച്ചു ഗ്രാമം.അവിടെ ഒരമ്മയും മകളും താമസിച്ചിരുന്നു.ഒരു ഓലമേഞ്ഞ ചെറിയ കുടിലിലായിരുന്നു ഇരുവരുടെയും താമസം.മാളു എന്ന പത്തു വയസ്സുകാരിയായ ആ ബാലിക പഠനത്തിൽ മിടുക്കിയായിരുന്നു.മഴപെയ്താൽ ചോർന്നൊലിക്കുന്ന ആ കുടിലിൽ ഇരുന്ന് പാതിരാത്രി വരെ പേടിച്ചിട്ടായിരുന്നു അവൾ വിജയം കൈവരിച്ചത്.മരിച്ച പണവും ആർഭാടങ്ങളുമുള്ള മീനുവിന്റെ വീടോ? കൊട്ടാരം എന്ന് തോന്നിപ്പിക്കുന്ന ഒരു വീട്,സ്വന്തമായി ഫ്ലാറ്റുകളും കടകളുമെല്ലാം.പക്ഷെ എത്രയും സുഖസൗകര്യങ്ങളുമൊക്കെയുണ്ടായിട്ടും അവൾ പഠനത്തിൽ മോശമായിരുന്നു.പാവപ്പെട്ട വീട്ടിലെ മാളുവിന് സ്കൂളിൽ പോകാൻ കുട,ബാഗ് ഇവയൊന്നുമില്ല.മാളുവിന്റെ അച്ഛൻ അഞ്ചു വര്ഷം മുൻപ് ഒരപകടത്തിൽ മരിച്ചു.അന്ന് മുതൽ വാടക വീട്ടിലായിരുന്നു താമസം.മാളുവിന്റെ അച്ഛൻ മരിച്ചതിൽ പിന്നെ ആ വീട്ടിൽ നിന്നവരെ അടിച്ചിറക്കി, അന്നു മുതൽ തുടങ്ങി ദാരിദ്ര്യം.മഴ വന്നാൽ മാളുവിന് പേടിയാണ് സ്കൂളിൽ പോകാൻ.കുടയില്ലാത്തതുകൊണ്ട്,കൈയ്യിൽ പിടിച്ചുകൊണ്ടുപോകുന്ന പുസ്തകങ്ങൾ നനയും എന്നവൾ ഭയന്നിരുന്നു.പക്ഷെ, എല്ലാ സാധനങ്ങളും ആവശ്യത്തിലേറെ മീനുവിനുണ്ട്.ബാഗ്,കുട എല്ലാം.സ്കൂളിൽ വച്ചും വഴിയിൽ വച്ചും പലതവണ അവൾ മാളുവിനെ കളിയാക്കിയിട്ടുണ്ട്.അങ്ങനെയിരിക്കെ ഒരു ദിവസം മാളു സ്കൂളിൽ നിന്നിറങ്ങിയപ്പോൾ നല്ല മഴ പെയ്തു.അവൾ കുറെ നേരം സ്കൂളിൽ തന്നെ നിന്നു, മഴ തോരുന്നതും കാത്ത്.അപ്പോൾ സ്കൂളിലെ ആയ പറഞ്ഞു;"ഇറങ്ങു കുട്ടി..സ്കൂൾ പൂട്ടാൻ പോകുകയാണ്".അവൾ ഇറങ്ങി ബുക്ക് പടിയിൽ വച്ചിട്ട് ഓടിപ്പോയി കുറച്ചു തേക്കില പറിച്ചുകൊണ്ട് വന്നു.ഇലകൊണ്ട് ബുക്ക് പൊതിഞ്ഞിട്ട് അതവളുടെ നെഞ്ചോടു ചേർത്ത് നടക്കാൻ തുടങ്ങി.ആ ശക്തമായ കാറ്റിൽ തേക്കിലകളെല്ലാം പറന്നുപോയി.അവൾ നടത്തത്തിന്റെ വേഗത കൂട്ടി.വഴിയിൽ വച്ച് അവൾ മീനുവിനെ കണ്ടു.മീനുവിന്റെ കൂട്ടുകാർ പറഞ്ഞു;"മീനു അവളെയും നമുക്ക് കുടയിൽ കയറ്റം..പാവം നിന്നു നനയുന്നത് കണ്ടില്ലേ?"."വേണ്ട",മീനുപറഞ്ഞു."അവളുടെ അഴുക്കു തുണികളാ..അതിലെ ചെളിയെല്ലാം നമ്മുടെ ദേഹത്ത് പറ്റും.പിന്നെ നമ്മളും

അവളെപോലെയാകും".ഇത് കേട്ട മാളു വിങ്ങിക്കരഞ്ഞു.പെട്ടന്നാണ് അവൾ ചെളിയിൽ തെന്നി റോഡിൽ വീണത്.അവളുടെ ദേഹമാകെ ചെളിയായി.ഇതുകണ്ട മീനുവും കൂട്ടുകാരും അവളെ നോക്കി പൊട്ടിച്ചിരിച്ചു.സങ്കടം സഹിക്കാനാവാതെ അവൾ വീട്ടിലേക്ക് കരഞ്ഞുകൊണ്ട് ഓടി.അമ്മ അവളെ കണ്ട് ഓടി വന്നു.അവൾ അമ്മയോടെല്ലാം പറഞ്ഞു.അങ്ങനെ അവളുടെ യൂണിഫോമും പാഠപുസ്തകങ്ങളും എല്ലാം നഷ്ടപെട്ടു.രണ്ടു മൂന്നു ദിവസം അവൾ സ്കൂളിൽ പോയതേയില്ല.അങ്ങനെ ഒരു ദിവസം ടീച്ചർ കുട്ടികളോട് ചോദിച്ചു;"എന്താ മാളു സ്കൂളിൽ വരാത്തത്?പനിവല്ലതുമാണോ?".മീനുവിന്റെ കൂട്ടുകാർ നടന്നതെല്ലാം ടീച്ചറിനോട് പറഞ്ഞു.അന്ന് വൈകിട്ട് ടീച്ചർ മാളുവിന്റെ വീട്ടിൽ എത്തി."നാളെ മുതൽ സ്കൂളിൽ വരണം...കെട്ടോ?".ടീച്ചർ മാളുവിനോട് പറഞ്ഞു."ടീച്ചർ എനിക്ക് ബുക്കും യൂണിഫോമും ഇല്ല."മാളു പറഞ്ഞു."അതിനെല്ലാം വഴിയുണ്ടാക്കാം മാളു".ടീച്ചർ അവളെ തലോടിക്കൊണ്ട് പറഞ്ഞു.ടീച്ചർ പറഞ്ഞതനുസരിച്ച് അവൾ ഒരു പഴയ പാവാടയും ഉടുപ്പും ഇട്ടുകൊണ്ട് സ്കൂളിൽ പോയി.മീനു അവളെ കണ്ടപ്പോൾ കളിയാക്കി ചിരിച്ചു.അപ്പോളാണ് ടീച്ചർ പറഞ്ഞത് " ഇന്ന് സ്കൂൾ ഡേ ആണ്"ഉച്ചക്ക് ശേഷം സമ്മാനദാനമായിരുന്നു.അഞ്ചാം ക്ലാസ്സിലെ ഏറ്റവും നന്നായി പഠിക്കുന്ന കുട്ടിക്കുള്ള സമ്മാനം മാളുവിനായിരുന്നു.സമ്മാനം അവൾക്കു നൽകിയ ശേഷം ടീച്ചർ പറഞ്ഞു;"ഈ കൊച്ചു മിടുക്കി എന്തെല്ലാം കഷ്ടപാടുകളിൽ നിന്നാണ് ഈ വിജയം കൈവരിച്ചത്".ഇത്രയും പറഞ്ഞു ടീച്ചർ അവൾക്കു പുതിയ യൂണിഫോമും പാഠപുസ്തകങ്ങളും കുടയും ബാഗും എല്ലാം സമ്മാനമായി നൽകി.ഇത് കണ്ട മീനുവിന് ദുഃഖം തോന്നി. അവൾ സ്വയം പശ്ചാത്തപിച്ചു.അവൾ മാളുവിന്റെ അടുത്തുചെന്നു പറഞ്ഞു:"എന്നോട് ക്ഷമിക്കു മാളു...ഇനി മുതൽ നീ എന്റെ നല്ല കൂട്ടുകാരിയായിരിക്കും".മാളു സന്തോഷം കൊണ്ട് മീനുവിനെ കെട്ടിപ്പിടിച്ചു.പിന്നീട് അവർ എന്നും നല്ല കൂട്ടുകാരായിരുന്നു.

അഞ്ജന മഹാദേവൻ
8 A

# വേനൽ

ഹൃദയ ഭിത്തികൾ
ദുർബലമാക്കിയോരഗ്നി
പർവത സ്ഫോടനത്തിൽ
തിളച്ചു മറിഞ്ഞ ലാവാ
ജ്വാലകൾ മിഴികളിൽ നിറച്ചു
ചുറ്റുമുള്ളവയൊക്കെ ചുട്ടു പൊള്ളിക്കുന്നു.

അപർണ ബാബു
8 A

# എന്റെ കൂട്ടുകാർ

എൻ വിദ്യാലയം എനിക്ക് നൽകിയ
സമ്മാനമാണെന് കൂട്ടുകാർ
എനിക്ക് താങ്ങായി തണലായി നിന്ന കൂട്ടുകാർ
വിഷമങ്ങൾ ഒന്നിച്ചു പങ്കിട്ടവർ നമ്മൾ
സന്തോഷങ്ങളോ ഒന്നിച്ചാസ്വദിച്ചു ....

വിജയത്തിന്റെ പടവുകൾ കയറാൻ
ഒരു കൈ സാന്ത്വനമായി നിന്ന കൂട്ടുകാർ
അധ്യാപകരുടെ കാണാമറയത്ത്
ചെറു കുസൃതികൾ കാട്ടി അലിഞ്ഞു ചേർന്ന്
നല്ല കൂട്ടുകാർ ...

ഇനിയെത്ര നാളെന്നറിയില്ലയെങ്കിലും
എൻ നാവിലുയരുന്നു ഒരായിരം നന്ദി ...
എൻ കണ്ണുകൾ പൊഴിക്കുന്നു ചുടുകണ്ണീർ
ഇനി വരുമോ ഈ നാളുകൾ
സുന്ദരനിമിഷത്തിൻ ഈ നാളുകൾ .....

അതുല്യ കൃഷ്ണൻ
ക്ലാസ് : 9 A

# എന്റെ പൈതൽ

അമ്മയെന്നോതി അടുത്തണഞ്ഞീടുമെന്
പൊന്നുണ്ണിയെ നിങ്ങൾ കണ്ടോ
കൺകണ്ട  ദൈവമാം കണ്ണനെപ്പോലെ
ഒളിച്ചു കളിച്ചീടുന്നവനെ കണ്ടോ...

തേടി നടന്നീട്ടും എത്ര തിരിഞ്ഞിട്ടും
കണ്ടില്ലയല്ലോ എൻ പൊന്മകനെ
മിഠായി തരാല്ലോ,കേക്ക് നൽകീടാം ഞാൻ
ഓടി വാ ചക്കരെ പാടിവാ  നീ ...

വീട്ടിൽ തിരഞ്ഞിട്ടും ,നാട്ടിൽ പറഞ്ഞിട്ടും
ആരുമേ കണ്ടില്ലയല്ലോ നിന്നെ
രാത്രി മുഴുവനും നൊന്തു കരഞ്ഞീട്ടും
എത്തിയില്ലല്ലോ നീ എന്നരികിൽ .

കരഞ്ഞു കരഞ്ഞു ഞാൻ വെള്ളം തിരയവേ
പെട്ടന്ന് ഞെട്ടി തരിച്ചു പോയി !

നാല് വയസ്സ് തികയാത്തെൻ പൈതലേ
കണ്ടല്ലോ ചേതനയറ്റ നിലയിൽ
വീണു കിടക്കും കിണറു മാത്രം
ഞാൻ എന്തേ ഇതുവരെ കണ്ടതില്ല ....

അദിതി.എസ്.അജയ്
ക്ലാസ് : 8 സി

# നന്മയുടെ വെളിച്ചം

ഒരിടത്ത്  ചിന്നു എന്ന ഒരു പാവം പെൺകുട്ടി ഉണ്ടായിരുന്നു.അവൾക്ക് പത്തു വയസ്സ് ആണ്.അവളുടെ മാതാപിതാക്കൾ അവൾക് രണ്ടു വയസ്സുള്ളപ്പോഴെ മരിച്ചിരുന്നു.അതുകൊണ്ട് അവൾ അമ്മായിയുടെ കൂടെയാണ് താമസിച്ചിരുന്നത്.അമ്മായിക്ക് ചിന്നുവിനെ തീരെ ഇഷ്ടമല്ലായിരുന്നു.അമ്മായി അവളെക്കൊണ്ടാണ് എല്ലാ പണികളും ചെയ്യിപ്പിക്കുന്നത്.അമ്മായിക്ക് ഒരു മകനുണ്ട്.ചിന്നുവിനെക്കാൾ ഒരു വയസ്സ് ഇളയത്.പേര് കുട്ടൻ.അങ്ങനെയിരിക്കെ ക്രിസ്ത്മസ് വന്നു.ചിന്നുവിന്റെ കൂട്ടുകാരുടെ വീടുകളിൽ നക്ഷത്രം ഇട്ടു.പക്ഷെ ചിന്നുവിന്റെ വീട്ടിൽ ഇട്ടില്ല .ചിന്നു അമ്മായിയോട് ചോദിച്ചു  വീട്ടിൽ നക്ഷത്രങ്ങൾ ഇട്ടോട്ടെയെന്നു .എന്നാൽ  അമ്മായി സമ്മതിച്ചില്ല .ചിന്നുവിന് വിഷമം ആയി .ആ സമയം ചിന്നു ഒരു കാഴ്ച കണ്ടു .കുട്ടൻ ഒരു മിന്നാമിനുങ്ങിനെ കുപ്പിയിൽ അടച്ചിട്ടു .അത് ആ കുപ്പിയിൽ അങ്ങോട്ടും ഇങ്ങോട്ടും പറക്കുകയാണ് .ചിന്നുവിന് ദയ തോന്നി .ചിന്നു അതിനെ തുറന്നു വിട്ടു .കുറച്ച കഴിഞ്ഞ് ചിന്നുവിന്റെ വീട്ടിൽ നിറയെ പ്രകാശം .ചിന്നുവും കുട്ടനും പുറത്തിറങ്ങി നോക്കിയപ്പോൾ ലക്ഷകണക്കിന് മിന്നാമിനുങ്ങുകൾ വീടിനു പുറത്ത്  പ്രകാശിക്കുകയാണ് .കുട്ടൻ ചിന്നുവിനെ കെട്ടിപിടിച്ചു .ആ മിന്നാമിനുങ്ങുകൾ രാവിലെ വരെ അതുപോലെ പ്രകാശിച്ചു .

നന്ദന പ്രജിത്
ക്ലാസ് : 6 എ

# <u>തെന്നാലിരാമൻ വിദൂഷകനാകുന്നു</u>

ഒരിക്കൽ ഉത്തരേന്ത്യയിൽ നിന്നൊരു മാന്ത്രികൻ കൃഷ്ണദേവരായാരുടെ സദസ്സിൽ വന്ന് അനേകം മാജിക്കുകകൾ കാണിച്ചു .തന്റെ തല ഉടലിൽ നിന്ന് വേർപെടുത്തി കാണിക്കുന്ന വിദ്യ പോലും അയാൾ കാട്ടി."ഇതുപോലെയുള്ള വേലകൾ കാണിക്കാൻ ഈ വിജയനഗര രാജ്യത്ത് ആർക്കെങ്കിലും കഴിയുമോ "എന്ന് മാന്ത്രികൻ എല്ലാവരെയും വെല്ലു വിളിച്ചു .പക്ഷെ മാജിക് വേലകൾ കാണിക്കാൻ സമർത്ഥരായ ആരും തന്നെ അവിടെ ഉണ്ടായിരുന്നില്ല . കൃഷ്ണദേവരായർക്കു നാണക്കേട് തോന്നി.

അപ്പോൾ തെന്നാലിരാമൻ മുന്നോട്ടുവന്നു .രാജാവിനെയും സദസ്സിനെയും വണങ്ങിയതിനു ശേഷം മാന്ത്രികനോട് ചോദിച്ചു"ഞാൻ കണ്ണടച്ച് കാണിക്കുന്ന വിദ്യ താങ്കൾക്ക് കണ്ണ് തുറന്നു കാണിക്കാൻ സാധിക്കുമോ?"എന്ന് .അയാൾ രാമന്റെ വെല്ലു വിളി സ്വീകരിച്ചു .രാമൻ ഒരു കരണ്ടി നിറയെ മുളകുപൊടി വരുത്തി.രാമൻ കണ്ണടച്ച് പിടിച്ച് അത് കണ്ണിന്റെ മീതെ ഇട്ടു കുറേനേരം നിന്നു.അനന്തരം ആ പൊടി തട്ടിക്കളഞ്ഞിട്ടു മാന്ത്രികനോട് അത് കണ്ണുതുറന്നു ചെയ്യാൻ പറഞ്ഞു .മാന്ത്രികൻ നിന്നു പരുങ്ങി .സദസ്സ് അയാളെ കൂവിവിളിച്ചു .ജനങ്ങളെല്ലാം തെന്നാലിരാമനെ അഭിനന്ദിച്ചു .അങ്ങനെ തെന്നാലിരാമൻ കൃഷ്ണദേവരായരുടെ വിദൂഷകനായി .

മാളവിക അശ്വനി
ക്ലാസ് :6 എ)

# സൗഹൃദം

കിങ്ങിണിക്കാട്ടിൽ ഒറ്റയാനായ ഒരു ആന ജീവിച്ചിരുന്നു .മറ്റു മൃഗങ്ങൾ അവനെ തടിയൻ എന്ന് വിളിച്ചു കളിയാക്കും.ആരും അവനോട് കൂട്ടുകൂടാൻ തയ്യാറായില്ല .ഒരു ദിവസം പുഴക്കരയിൽ ഇരുന്നു കരഞ്ഞ അവനോട് ഒരു തവള ചോദിച്ചു "നീ എന്തിനാണ് കരയുന്നത് "എന്ന് .അപ്പോൾ ആന പറഞ്ഞു "എനിക്ക് കൂട്ടുകാർ ആരും ഇല്ല എല്ലാവരും എന്നെ കളിയാക്കുകയാണ് "എന്ന് .തവളക്ക് സഹതാപമായി .ആനയെ ആശ്വസിപ്പിച്ചുകൊണ്ട് തവള പറഞ്ഞു "നീ എന്തിനാണ് വിഷമിക്കുന്നത് ?നിനക്ക് നല്ല ശക്തി തന്നിട്ടുണ്ടല്ലോ എന്ന് .ആന നിസാരനായ തവളയോട് സംസാരിക്കുന്നത് കേട്ട് പുഴക്കരയിൽ വെള്ളം കുടിക്കാൻ വന്ന മറ്റു മൃഗങ്ങൾ അവരെ കളിയാക്കികൊണ്ട് കടന്നുപോയി .

ആനയും തവളയും ഇതൊന്നും വകവയ്ക്കാതെ നടന്നു നീങ്ങി .നാളുകൾ കഴിഞ്ഞു ഒരു ദിവസം മൃഗങ്ങൾ നാലുപാടും ഭയന്ന് ഓടുന്നത് കണ്ട് ആന കാര്യം തിരക്കി .അവർ പറഞ്ഞു "മരം വെട്ടാൻ ആയുധവുമായി കുറെ മനുഷ്യർ കാട്ടിൽ എത്തിയിട്ടുണ്ട്,അവർ കാണുന്ന മൃഗങ്ങളെ എല്ലാം ഉപദ്രവിക്കുകയാണ് ജീവൻ വേണമെങ്കിൽ ഓടി രക്ഷപ്പെട്ടോളൂ" എന്ന് ."നിങ്ങൾ ഓട്ടം നിർത്തു ഞാൻ ഒന്ന് ശ്രമിക്കട്ടെ" എന്ന് ആന പറഞ്ഞു .ആന മനുഷ്യരുടെ അടുത്തേക്ക് ചെന്നു തടിയനായ ആന അടുത്തേക്കു വരുന്നത് കണ്ട് ആളുകൾ ഭയന്നോടി .മറ്റു മൃഗങ്ങൾ നന്ദി പറഞ്ഞുകൊണ്ട് ആനയുടെ ചുറ്റും കൂടി ."ഞങ്ങൾക്കു മാപ്പ് തരണം ആന ചേട്ടാ" എന്ന് മൃഗങ്ങൾ ഒരേ സ്വരത്തിൽ പറഞ്ഞു ."നിങ്ങൾ മാപ്പ് പറയുക ഒന്നും വേണ്ട,ഇനിയെങ്കിലും എന്റെ കൂട്ടുകാർ ആയ മതിയെന്ന്" ആന പറഞ്ഞു .അന്നുമുതൽ മൃഗങ്ങൾ എല്ലാം ആനയുടെ ചങ്ങാതിമാരായി .

വർഷ വിനോദ്
ക്ലാസ് :6 എ

# യഥാർഥ തിളക്കം

അപ്പു അന്ന് കരഞ്ഞുകൊണ്ടാണ് സ്കൂളിൽ നിന്ന് വീട്ടിൽ എത്തിയത് ."എന്തുപറ്റി ?"അപ്പുവിന്റെ ചേട്ടൻ രാമു ചോദിച്ചു."മാത്സിന് രണ്ട് മാർക്ക് പോയി "അപ്പു പറഞ്ഞു .രാമു ചിരിച്ചു ."രണ്ട് മാർക്കല്ലേ....സാരമില്ല "രാമു പറഞ്ഞു ."പക്ഷെ കുട്ടനു ഫുൾ മാർക്ക് കിട്ടി .അവനു ടീച്ചർ ഗിഫ്റ്റും കൊടുത്തു.അവനാണെങ്കിൽ ഉത്തരം കോപ്പിയടിച്ചാ എഴുതിയത്.ഞാൻ കണ്ടു "അപ്പു കരച്ചിൽ നിറുത്തിയില്ല.രാമു ഒന്നും മിണ്ടിയില്ല .മറ്റാരെങ്കിലും കൂടുതൽ മാർക്ക് വാങ്ങുന്നത് അപ്പുവിന് പ്രശ്നമല്ല .പക്ഷെ കളവിലൂടെ മറ്റൊരാൾ മുൻപിലെത്തിയതാണ് അവനെ വിഷമിപ്പിക്കുന്നത് .

അന്ന് രാത്രി രാമു അപ്പുവിനെ വിളിച്ചു മുറ്റത്തിറങ്ങി .നിലാവുള്ള രാത്രി .അവർ മുറ്റത്തു പുല്ലിൽ ഇരുന്നു. രാമു ആകാശത്തേക്കു ചൂണ്ടി ."അപ്പു നോക്ക് ...എന്തുഭംഗി അല്ലെ?"."എത്ര മിന്നാമിനുങ്ങുകളാ നല്ല രസം !"മാർക്കിന്റെ കാര്യം എല്ലാം മറന്ന് അപ്പു പുഞ്ചിരിച്ചു .അപ്പോൾ രാമു പറഞ്ഞു "അതെ ,നമ്മൾ ആദ്യം ശ്രദ്ധിക്കുന്നത് മിന്നാമിനുങ്ങുകളെ ആണ് .എന്നാൽ അതിനുമപ്പുറം അതിനേക്കാൾ ഭംഗിയുള്ള തിളങ്ങുന്ന നക്ഷത്രങ്ങളില്ലേ ?കള്ളത്തരത്തിലൂടെ നേടുന്ന വിജയം മിന്നാമിനുങ്ങിനെ പോലെയാണ്. എല്ലാവരും പെട്ടന്ന് ശ്രദ്ധിക്കും .പക്ഷെ ,ഏതാനും ദിവസങ്ങൾ മാത്രമാണ് അതിന്റെ ആയുസ്സ്. കഠിനാധ്വാനത്തിലൂടെ നേടുന്ന യഥാർഥ വിജയമോ ?അത് നക്ഷത്രം പോലെയാണ് .കോടിക്കണക്കിനു വർഷങ്ങൾ പ്രപഞ്ചം മുഴുവൻ തിളങ്ങി നിൽക്കാൻ അതിനു കഴിയും !"

അതുകേട്ട് അപ്പു ചേട്ടനെ നോക്കി  പുഞ്ചിരിച്ചു.അപ്പോഴേക്കും  അവന്റെ സങ്കടമെല്ലാം മാറി കഴിഞ്ഞിരുന്നു !!!

ദേവനന്ദന.എസ്
ക്ലാസ് : 9 സി

# AM I CORRECT?

You Should read this and say how much time we the students get for studying.

* Days in a year = 365 days

* Sundays ( meant as rest ) =52 days

* Days left = 313 days

* Summer vacations ( not for extra classes) = 60 days ( it is to play)

* Days left = 253 days

* 8 hours of daily sleep = 122 days

* Days left = 131 days

* 3 hours of daily food = 45 days

* Days left = 86 days

* Examination days in a year = 30 days

* Days left = 56 days

* Onam and Christmas vacation = 25 days

* Days left = 11 days

* Illness atleast once in a year = 8 days

* Days left = 3 days

* Result getting = 3 days

* Days left = 0 days

Now, say everyone how can we study

Merina Manoj
10 B

# G K Questions

1. What is the diameter of the Earth?

Ans. 8,000 miles

2. What is the capital city of Spain?

Ans. Madrid

3.What does NASA stand for?

Ans. National Aeronautics and Space Administration

4. What is the currency of Japan?

Ans. Yen

5. In what year did World War 2nd end?

Ans. 1945

6. Which animal has the largest brain?

Ans. Sperm whale

7. Which is the largest lake in Africa?

Ans. Lake Victoria

Serin Saji Oommen
5A

# അഹങ്കാരിപൂവ് !

ഒരിക്കലൊരു പൂന്തോട്ടത്തിൽ ഒരു പൂവിരിഞ്ഞു.പൂവിന്റെ പേരെന്താണെന്നു അറിയില്ല.പക്ഷെ,നല്ല സുന്ദരിപ്പൂവായിരുന്നു അത്.അത്രയും അഴകുള്ള പൂവ് ആ പൂന്തോട്ടത്തിൽ വേറെയില്ലായിരുന്നു.അതുകൊണ്ടുതന്നെ ആ പേരില്ല പൂവ് ഒരു അഹങ്കാരിയായിത്തീർന്നു.എന്നും രാവിലെ സൂര്യനുദിച്ചുയരുമ്പോൾ ഇളംകാറ്റിൽ ആലോലമാടികൊണ്ടു അവൾ പാടും:

"പൂക്കളിൽ ഏറ്റം സുന്ദരിയാര്?
പൂക്കളിൽ സുന്ദരി ഞാൻ തന്നെ
പൂന്തോട്ടത്തിൽ രാജ്ഞിയാര്?
ചന്തംകൂടും ഞാൻ തന്നെ"

അതുകേൾക്കുമ്പോൾ പൂന്തോട്ടത്തിലെ മറ്റുപൂക്കളെല്ലാം വിഷമത്തോടെ തലകുനിക്കും.ഒരു ദിവസം ഒരു ടീച്ചറും കുറെ കുട്ടികളും പൂന്തോട്ടത്തിൽ വന്നു.അവർ ഓരോ പൂവിന്റെയും അടുത്തുചെന്ന് അവയുടെ സൗന്ദര്യം ആസ്വദിക്കാൻ തുടങ്ങി.പെട്ടന്നാണ് അവർ പേരില്ല പൂവിനെ കണ്ടത്."ഹായ്,ഈ പൂവ് കാണാൻ എന്തൊരു ഭംഗിയാ!ഈ പൂന്തോട്ടത്തിൽ ഇതിനേക്കാൾ ഭംഗിയുള്ള ഒരു പൂവില്ല!". അവർ പറഞ്ഞു.അപ്പോഴാണ് അവരുടെ ടീച്ചർ അത് വഴി വന്നത്.ടീച്ചർ പൂവിനെ തലോടി.പൂവ് മണത്തുനോക്കിയശേഷം പറഞ്ഞു ,"കുട്ടികളെ ഈ പൂവ് സുന്ദരിയാണ്.പക്ഷെ ഇതിനു മണമില്ല!"അപ്പോഴാണ് ആ പൂവിനു "പൂവിന്റെ സുഗന്ധം സത് സ്വഭാവം പോലെയാണ്.സത് സ്വഭാവമില്ലാത്ത കുട്ടികളെ ആരും ഇഷ്ടപ്പെടില്ല!." ടീച്ചർ പറഞ്ഞത് കുട്ടികൾ തലകുലുക്കി സമ്മതിച്ചു.സൗന്ദര്യം ഉണ്ടെങ്കിലും തന്റെ മറ്റു കുറവുകളെകുറിച്ച് പൂവ് ചിന്തിച്ചില്ല . അഹങ്കാരം കാണിച്ചതിന് അവൾ എല്ലാ പൂക്കളോടും മാപ്പ് ചോദിച്ചു.മണമില്ലെന്ന കാര്യം അവർ ശ്രദ്ധിച്ചത്"പൂവിന്റെ സുഗന്ധം സത് സ്വഭാവം പോലെയാണ്.സത് സ്വഭാവമില്ലാത്ത കുട്ടികളെ ആരും ഇഷ്ടപ്പെടില്ല!." ടീച്ചർ പറഞ്ഞത് കുട്ടികൾ തലകുലുക്കി സമ്മതിച്ചു.സൗന്ദര്യം ഉണ്ടെങ്കിലും തന്റെ മറ്റു കുറവുകളെകുറിച്ച് പൂവ് ചിന്തിച്ചില്ല . അഹങ്കാരം കാണിച്ചതിന് അവൾ എല്ലാ പൂക്കളോടും മാപ്പ് ചോദിച്ചു..

Mekha Jayakumar
9b

# <u>മിന്നുവിന്റെ റോസാച്ചെടി</u>

ഒരു ദിവസം മിന്നുവിന്റെ അച്ഛൻ ഒരു റോസാച്ചെടിയുടെ തണ്ടു മിന്നുവിന് കൊടുത്തു.ആ ദിവസം മിന്നുവിന് വളരെ സന്തോഷമായി.അവൾ ആ തണ്ട് മുറ്റത്തു കുഴിച്ചുവച്ചു അവൾ അതിനെ ശുശ്രുഷിച്ചു.കുറെ ദിവസം കഴിഞ്ഞപ്പോൾ അതിൽ ഒരു മുട്ട് ഉണ്ടായി .അവൾ എ ചെടിയെ നോക്കി പരിപാലിച്ചു .അതിനു വെള്ളവും ,വളവും ,കൊടുക്കുകയും ചെയ്തു . കുറച്ച ദിവസം കഴിഞ്ഞപ്പോൾ ആ മുട്ട് വിരിഞ്ഞു . അവൾക്ക് വളരെ എറെ സന്തോഷം ആയി അവൾ തുള്ളിച്ചാടി നടന്നു . മാസങ്ങൾ കഴിഞ്ഞപ്പോൾ വേനൽ കാലം വന്നു അങ്ങനെ അവളുടെ പ്രിയപ്പെട്ട റോസാച്ചെടി വേനൽ കാലത്തു കരിഞ്ഞുപോയി .അവൾ കരഞ്ഞു .അവളുടെ അച്ഛൻ അവളെ ആശ്വസിപ്പിച്ചു .എന്നിട്ട് അച്ഛൻ പറഞ്ഞു മക്കളെ കാലത്തിനൊത്തു നമ്മുടെ ഈ പ്രകൃതിയിൽ ഒരുപാട് മാറ്റങ്ങൾ സംഭവിക്കും ആ മാറ്റങ്ങൾകൊത്ത് പ്രകൃതിയിലെ പല ജീവജാലങ്ങൾക്കും അവരുടെ ജീവൻ നൽകേണ്ടതായി വരും അതാണ് പ്രകൃതി നിയമം.

Mayoosha Madhu

<u>6B</u>

# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പക്കയും

ഒരിടത്തൊരിടത്തു ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു .അവരുടെ വീടിനു മുമ്പിൽ ഒരു ചാമ്പമരം ഉണ്ടായിരുന്നു .ആ ചാമ്പമരത്തിൽ നിറയെ ചാമ്പക്ക ഉണ്ടായി .ചാമ്പമരം മുഴുവൻ ചാമ്പക്ക പഴുത്തു കിടക്കുന്നതു കാണുവാൻ നല്ല രസമായിരുന്നു . അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു ."എന്ത് രസമാണ് ചാമ്പക്ക പഴുത്തു കിടക്കുന്നതു കാണുവാൻ.നമുക്ക് ഇത് ആർക്കും കൊടുക്കേണ്ട .അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്ക് അവരെ ഓടിക്കാം".ഇത് കേട്ട് അപ്പൂപ്പൻ പറഞ്ഞു."ശരിയാ,ഇത് ആർക്കും കൊടുക്കേണ്ട.നമുക്കും കഴിക്കേണ്ടതല്ലേ".അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവൽ ഇരുന്നു. അവർ ചാമ്പക്ക പറിക്കാൻ വന്ന കുട്ടികളെ എല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പക്ക സന്തോഷത്തോടെ കണ്ടുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പക്ക രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസ്സിലായി.അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്നു അവർക്കു മനസ്സിലായി. അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാമെന്നു തലപുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മയ്ക്ക് ഒരു ബുദ്ധി തോന്നി.അമ്മൂമ്മ പറഞ്ഞു."രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പമരത്തിനു മുകളിൽ ഇരിക്കണം.മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്ക് ഇടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം.ഞാൻ അതിനെ അടിച്ചു കൊല്ലാം".അപ്പൂപ്പൻ സമ്മതിച്ചു.അങ്ങനെ രാത്രിയായി.അപ്പൂപ്പൻചാമ്പമരത്തിനു മുകളിൽ പുതച്ചു മൂടിയിരുന്നു.അമ്മൂമ്മ ചാമ്പമരത്തിന്റെ ചുവട്ടിലും ഇരുന്നു.കുറെ നേരം ആയിട്ടും മരപ്പട്ടി വന്നില്ല.അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി.അപ്പൂപ്പൻ അങ്ങനെ ഉറങ്ങി പോയി.ഉറങ്ങി മരത്തിൽ നിന്നും താഴേക്ക് വീണു.രാത്രി അല്ലെ അമ്മൂമ്മയ്ക്കുണ്ടോ കണ്ണ് കാണാൻ പറ്റുന്നു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ചു അപ്പൂപ്പനെ അടിയോടടി.അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി.നിലവിളിക്കുന്ന ശബ്ദം

കേട്ടപ്പോൾ അമ്മൂമ്മയ്ക്ക് തോന്നി."ഇത്  മരപ്പട്ടിയുടെ സ്വരം അല്ലല്ലോ.ഒരു മനുഷ്യന്റെ സ്വരം ആണല്ലോ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ,അതാ പാവം അപ്പൂപ്പൻ അടികൊണ്ടു അവശനായി കിടക്കുന്നു.അമ്മൂമ്മയ്ക്ക് വിഷമമായി.പിന്നീട് അവർ എല്ലാവര്ക്കും ചാമ്പക്ക കൊടുക്കുവാൻ തുടങ്ങി.കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കു സന്തോഷം തോന്നി.
ഗുണപാഠം:നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവച്ചാൽ സന്തോഷം ഇരട്ടിയാകും.

ഹരിപ്രിയ എം.എച്ച്
*9B*

# <u>മായാത്ത കണ്ണുനീർ</u>

*എന്റെ പേര് ഗിരീഷ് എന്റെ മായാത്ത കണ്ണുനീരാണ് എന്റെ സ്വന്തം ഗൗരി.അവൾ മറ്റുള്ളവരെ സംരക്ഷിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന ഒരു നല്ല പെൺകുട്ടിയായിരുന്നു.അവൾ നിഷ്കളങ്കയും നല്ല ഒരു സുഹൃത്തും ആയിരുന്നു.അവൾ പ്രായപൂർത്തിയായ കാലത്തു അവൾക്കു ഒരാളെ ഇഷ്ട്ടമായിരുന്നു.ആ ആൾ ഞാനായിരുന്നു.എന്നോട് അവൾ അത്പറഞ്ഞിട്ടില്ലായിരുന്നു.*

*അവളുടെ കൂട്ടുകാരി എന്നോട് അവളുടെ ഇഷ്ട്ടത്തെ പറ്റി അറിയിച്ചു.എന്റെ ഉള്ളിൽ അവൾക്കുവേണ്ടി സ്നേഹമുണ്ടെങ്കിലും ഞാൻ അത് പറഞ്ഞില്ല.പിന്നീട്അവൾ അവളുടെ ഇഷ്ട്ടം എന്നോട് പറഞ്ഞു.ആദ്യം ഞാൻ എതിർത്തുനിന്നു.ഇതറിഞ്ഞ ഗൗരി പിന്നീട് എന്നോട് മിണ്ടാൻ വന്നില്ല.അവൾ മിണ്ടാതിരിക്കുകയും അകലുകയും ചെയ്യുന്നത് കണ്ടപ്പോൾ ഞാൻ അവളോട് എന്റെ ഇഷ്ട്ടം പ്രകടിപ്പിച്ചു.*

*കുറെ നാളുകൾ ഞങ്ങൾ പരസ്പരം സ്നേഹിച്ചു.ഒരു ദിവസം അവളുടെ അച്ഛൻ ഞങ്ങളുടെ പ്രണയത്തെക്കുറിച്ചറിഞ്ഞു.അവളുടെ അച്ഛൻ ഈ കാര്യത്തിൽ എതിർത്തു.അവളെ അടിക്കുകയും വഴക്കുപറയുകയും ചെയ്തു.രണ്ടോ മൂന്നോ ദിവസങ്ങൾ എല്ലാവരും അവളെ കുറ്റപ്പെടുത്തി.വിഷമം സഹിക്കാതെ അവളുടെ ജീവൻ അവൾ ഒടുക്കാൻ ശ്രമിച്ചു.എല്ലാവരും ചേർന്ന് അവളെ ആശുപത്രിയിൽ കൊണ്ടുപോയി.ഈ വിവരമറിഞ്ഞ അവളുടെ സ്നേഹിതനായ ഞാൻ ഓടിയെത്തി.അവൾ അവസാന ശ്വാസത്തിൽ എന്നെ കൺകുളിർക്കെ കണ്ടുകൊണ്ടു അവളുടെ ജീവൻ നിലച്ചു.വർഷങ്ങൾ കഴിഞ്ഞിട്ടും എന്റെമനസ്സിൽ മായാതെ കിടക്കുന്ന ഗൗരിയുടെ ഓർമ്മകൾ ഇന്നും നിലനിൽക്കുന്നു.........ഒരു തോരാ മഴയായ്.............*

*അഞ്ചു എൽസ തോമസ്*

9C

# പ്രണയിനി

-

മെറീന മനോജ്

10B

പ്രിയേ എന്തഴകാണ് നിനക്ക് ...
വിടരുന്ന പനിനീർ പൂവ് പോൽ
നിൻ മന്ദഹാസം വെണ്ണിലാവ് പോൽ
നിൻ സാമിപ്യം നേർത്ത നിലാവിന്റെ  യവനികയിൽ....

സ്നേഹാർദ്രമായി കണ്ടതൊന്നു മാത്രം
പുഞ്ചിരി തൂകിയ നിൻ മുഖം മാത്രം
കാറ്റായി നീ എന്നെ തഴുകിയപ്പോൾ
കുളിരായി എൻ മനസ്സ് നിനക്കു തന്നില്ലേ ..

എന്നിട്ടും നീ എന്നെ തേടാതെ
ദൂരെ മറഞ്ഞു മായുന്നുവോ ?
എത്രയോ വർണാഭമാണ് എന്റെ ബാല്യം ...
ഇന്നെന്റെ സ്വപ്ന മാലാഖ നീയും....

അക്ഷരമിഴയുന്ന ഓരോ ദിനരാത്രിയും
നിന്നെ ഞാൻ അറിയുന്നു
നിൻ മുഖം കാണുവാൻ ചാരത്തു നിൽക്കുവാൻ
എൻ മനം തുടിക്കുന്നു നിനക്കായി....

ഇനി എത്രനാൾ കാത്തിടേണം നിൻ അരികിലെത്തുവാനായി
ദിനങ്ങളേറെ കഴിയേണം ഇനി
ആശങ്കകൾ പൂവണിയുവാനായിനി
സ്നേഹിക്കും മനസ്സുകൾ ഒന്ന്

*സ്നേഹിക്കും മനസ്സുകൾ ഒന്ന് ചേരാൻ ........*

# ഭൂമി

പലായനം ! പലായനം !

ഭൂമിയുടെ പലായനം

മനുഷ്യൻ തൻ ധൃതിയിൽ

വിസ്മരിക്കുന്നു നിലനിൽപ്പ്

മുറിച്ചു കളയും വൃക്ഷം

ഇടിച്ചു കളയും കുന്ന്,

ചപ്പുചവറുകൾ എറിയും

ഭൂമിയിൽ മാനവർ

എന്തിനിങ്ങനെ ചെയ്യുക നീ,

എന്തിനിങ്ങനെ ദ്രോഹിക്കുന്നു

ഭൂമിയെ...................

ഭൂമിയെ നശിപ്പിക്കും

പ്രവർത്തികൾ

നന്ദന സുഭാഷ്

9 B

# ഇന്നിന്റെ കേരളം

അലീന അന്ന ചാക്കോ
10 A

ദൈവത്തിൻ സ്വന്തമാം നാടിന്നിതാ
കലാപത്തിൻ സ്വന്തമാം ഭൂമിയായി
ജാതി മതഭേതമന്യേ നരർ ചേരുന്ന
നല്ലതും ഓർമയായി .........

ജീവന്റെ പ്രഭയായ സ്നേഹത്തിൻ കണികയോ
ഇന്നെങ്ങും എവിടെയും കാണാനില്ല
എവിടേയോ നിന്നിതാ ഈശ്വരൻ കേഴുന്നു
എവിടെയാണെവിടെയെന്റെ നാട്?

മതത്തിന്റെ പേരിലായി രാഷ്ട്രീയമെങ്കിലും
ഇല്ലാത്തയാകുന്നു വെള്ളരിപ്രാവുകൾ .
ആ പാവം മനുഷ്യന്റെ തലതല്ലിപൊളിച്ചതും
ഇന്നിതാ ദൈവത്തിൻ പേരിലുമായി..........

കേരള നാടിതാ തലതാഴ്ത്തുന്നു !
മാതാപിതാകളേം പെങ്ങളെയും കാണുന്നൊരാ
കാടനെ ഓർക്കുന്നുവോ സോദരനെ.
കൊട്ടകണക്കിനു പീഡനമാണിന്നു
കേരളനാടിന്ന് അഭിമാനമെങ്കിലും
തേടുന്നു നാമിന്നു സമാധാനത്തിന്നെ ........

മദ്യവും പുകവലിയും ഔട്ടോഫ് ഫാഷനാക്കിയ
യുവത്വത്തിന് ഹരം കഞ്ചാവ്
ഹാഷിഷ് ,എൽ .എസ് .ഡി സ്റ്റാമ്പുകൾ
പുഴയായ പുഴയെല്ലാം പ്ലാസ്റ്റിക് പുഴയായി
കാടായ കാടെല്ലാം നഗരവുമായി ...........

എങ്കിലുമിന്നിതാ നിഷത്തന്റെ മാറിലായി
സൂര്യന്റെ രെഷ്മിക്കായി കാത്തിരിക്കുംപോലെ
ഇന്നിതാ ഞങ്ങളീ കേരളത്തിന്ൻ മക്കൾ
കാത്തിരിക്കുന്നോരോ നല്ലനാളേക്കായ്
ജാതിമദമന്യേ സോദരേന വസിക്കുന്നൊരാ ദിനം
എന്നുവന്നു ചേരുമെന്നാർക്കറിയാം?

# ഓണത്തുമ്പികൾ

ഓരോ ചെടിയിലുമോരോ മലരിലു-
മോടിനടക്കും തുമ്പികളേ
ഞങ്ങടെ പുള്ളിയുടുപ്പിൻമോടികള്
നിങ്ങടെ ചിറകിന്നാർ നൽകി
ഇങ്ങനെ തുള്ളിച്ചാടിടാൻ
ഭംഗിയിൽ നൃത്തം ചെയ്തിടാൻ
ആരു പഠിപ്പിച്ചതാ
കൂട്ടരുമൊത്തിപ്പൂന്തോപ്പിൽ
പൂക്കളിലൂറും തേനുണ്ടും
കാഴ്ചകള് കണ്ടും മിണ്ടുമ്പോൾ
കുട്ടികൾ ഞങ്ങളെയോർക്കിലും

വൃന്ദ.എസ്
9B



ഗ്രീഷ്മ ഗിരീഷ്
9B

# എന്റെ ലോകം

എന്റെ ചിന്തകൾ
കുഞ്ഞിച്ചിറകുകൾ വീശി
ഏത് ഉയരം വരെ പറക്കുന്നുവോ
അവിടെ വരെയാണെന്റെ ആകാശം
എന്റെ സ്വപ്നങ്ങൾ തെളിച്ച വഴിയേ
എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെന്റെ സാമ്രാജ്യം
കാലപ്രവാഹത്തിൽ
പച്ചിലച്ചാർത്തിൽ
നിന്നിറ്റിറ്റു വീഴുന്ന
മഞ്ഞു തുള്ളിയായി
സ്നേഹമെന്നിലെത്ര
ആഴത്തിൽ നിറഞ്ഞോ-
ഴുകി പരക്കുന്നുവോ
അതാണെന്റെ കടൽ
കിനാവുകൾ ചേക്കേറിയ
ഹൃദയകാശത്തിൽ പ്രതീക്ഷയാം
നിലാ വെളിച്ചത്തിൽ
മോപ്പൂക്കൾ കാട്ടിയ വഴിയേ
കാലമാം കടലിൽ
ഞാനെന്റെ ജീവിതത്തോണി തുഴയുന്നു.........

# അമ്മ

അഞ്ജന മനു

8 A

വിജയസ്മിതമായി തോന്നും നിൻ രൂപവും
വിജയസ്മിതമായി നിൻ സൽസ്വഭാവങ്ങളും
വിജയസ്മിതമാം നിൻ സ്നേഹബന്ധങ്ങളിൽ
ഞാൻ അറിയാതെ ദുഃഖം സന്തോഷമാക്കവേ ......
നിൻ ലോല ചർമ്മത്തിൽ കുളിരു കൊള്ളുമ്പോഴും
നിൻ സത്യമെന്നിൽ നിറയാകും നേർവഴി
നിൻ മന്ദസ്മിതം തൂകുമാനന്ദം എന്നിലും
വിജയസ്മിതമായി തോന്നും എല്ലാരിലും ...
വിജയസ്മിതമായി ആനന്ദം കൊള്ളവേ
വിജയസ്മിതമായി പ്രഭ ചൊരിയു നീ
കള്ളത്തിൽ വീഴാതെ കൈപിടിച്ചെന്നെ നീ
നേരായി ചിട്ടയായി പരിപാലിച്ചീടുന്നു ...
വിജയസ്മിതമായി തോന്നും നിൻ ഐശ്വര്യം
വിജയസ്മിതമായി തോന്നും നിൻ നേട്ടവും
എന്നെ ഉണർത്തീടും നിൻ നന്മകളെന്നുമേ ....
മറക്കില്ല ഒരിക്കലും ആ മുഖം ആരുമേ
മറക്കുവാൻ പാടില്ല ആ മുഖം ആരുമേ ...
മകളായി സഹോദരിയായി സഖിയാമവളെ കാലം
പത്നിയായി അമ്മയായി സ്നേഹനിധിയായി മാറ്റിടുന്നു
അന്ധകാരത്തിൽ വെളിച്ചം പകർന്നു നീ
സ്നേഹദീപമായെന്നും പ്രഭചൊരിയു .. .........

# വിശ്വാസദീപം തെളിയട്ടെ...

അന്ധകാരം നിറഞ്ഞ ഈ സമൂഹത്തിൽ നാം ഒരാൾ ശ്രമിച്ചത് കൊണ്ട് എന്ത് സംഭവിക്കാനാണ് എന്ന ചിന്ത ന്യായമായും ആർക്കും ഉണ്ടാകാവുന്നതാണ്.നമ്മുടെ കൈവശം ഒരു മെഴുകുതിരിയുണ്ട്. മനസ്സാകുന്ന മെഴുകുതിരി.അതിൽ വിശ്വാസമാകുന്ന ദീപം കത്തുകയാണ് ആദ്യം വേണ്ടത്.അന്ധകാരം നിറഞ്ഞ ഇത്ര വലിയ ദൂരം ഈ ചെറിയ മെഴുകുതിരി ദീപം കൊണ്ട് എങ്ങനെ താണ്ടാനാകും എന്ന് സംശയിക്കേണ്ടതില്ല.ഓരോ അടിയും മുന്നോട്ടു വയ്ക്കുക. നമ്മുടെ പാതയിൽ പ്രകാശം തെളിഞ്ഞു കിട്ടും.ദുഃഖിതനായി നിരാശനായി വഴിയരികിൽ നിൽക്കുന്ന ഒരാളിന് ഒരു ചിരി നൽകിയാൽ അയാൾക്കതു എന്ത് ആശ്വാസമാകുമെന്നറിയാമോ?ഒരാളെങ്കിലും തന്നെ നോക്കി ചിരിക്കുവാനുണ്ടല്ലോ എന്ന ചിന്ത തന്നെ അയാൾക്ക് ഉന്മേഷം പകരും.നാം മറ്റുള്ളവർക്ക് വേണ്ടി ചെയ്യുന്ന ഏതൊരു നിസാരപ്രവർത്തിയും മഹത്തായ സ്വാധീനമാണ് സമൂഹത്തിൽ വരുത്തുന്നത്.തീർച്ചയായും ഏതൊരു പ്രവർത്തിക്കും ഫലമുണ്ട്.നമ്മുടെ ഓരോ പ്രവർത്തിയും മറ്റുള്ളവർക്ക് നന്മവരുത്തുന്നതാകണം.മനസ്സിലെ അന്ധകാരത്തെ ദൂരീകരിച്ചു നന്മയുടെ വിളക്ക് പ്രകാശിപ്പിക്കുക.നന്മ മനസ്സിൽ നിറഞ്ഞു നിൽക്കുന്നവന് ജീവിതം കൂടുതൽ മാധുര്യമുള്ളതായി അനുഭവപ്പെടും.

ജിനിത ജോസ്
9 B

Adithya G Lekshmi

9B



# സ്കൂൾ ജീവിതം

സാമൂഹ്യ ജീവിയാണ് താനെന്ന കാര്യം ഒരു കുട്ടി മനസിലാക്കാൻ തുടങ്ങുന്നത് സ്കൂളിൽ പോകുന്നതോടെ ആണ്.നഗരവൽക്കരണത്തിന്റെ ഏറ്റവും പുതിയ സന്തതിയായി ഫ്ലാറ്റ് സംസ്കാരം നൽകുന്നത് കൂടുതൽ അടച്ചു പൂട്ടിയ ജീവിതമാണ് .ഇങ്ങനെ ആകാശവും ഭൂമിയും കൂടി നഷ്ടപ്പെട്ട കുഞ്ഞു സ്കൂളിൽ പോകാൻ തുടങ്ങുമ്പോഴാണ് വൈവിധ്യമാർന്ന ഒരു ലോകത്തിന്റെ ഭാഗമാണ് താനെന്ന കാര്യം മനസിലാക്കാൻ തുടങ്ങുന്നത് തന്നെ. അങ്ങനെ സ്കൂളിന്റെ പടിവാതിൽക്കൽ എത്തുന്ന പാവം കുട്ടികൾ....അറിവിന്റെ ലോകത്തിലേക്ക് വിടർന്ന കണ്ണുകളുമായി വലതു കാൽ എടുത്തു വയ്ക്കുന്ന കുട്ടികൾക്ക് ആദ്യഘട്ടങ്ങളിൽ കാണുന്നതെന്തും വിസ്മയമാണ് .വളർച്ചയുടെ പടവുകളിൽ ഒരിക്കലും മറക്കാത്ത സുഖസമൃതികളുമായി വിദ്യാലയം എന്നും പച്ചപിടിച്ചുതന്നെ നിൽക്കും.



# പാചക കുറിപ്പ്

മറിയാമ്മ ജോർജ് [ടീച്ചർ]

## മീൻ കട്‌ലറ്റ്

ആവശ്യമായ സാധനങ്ങൾ

ദശകട്ടിയുള്ള മീൻ കഷണങ്ങളാക്കിയത്  -അര കിലോ
വിനാഗിരി -അര ടീസ്പൂൺ
മഞ്ഞൾപൊടി -അര ടീസ്പൂൺ
ഉപ്പ് -ആവശ്യത്തിന്
ഉരുളക്കിഴങ് പുഴുങ്ങിയത് (ഇടത്തരം )-രണ്ടെണ്ണം
സവാള കനംകുറച്ചു അരിഞ്ഞത് -മൂന്ന്  എണ്ണം
ഇഞ്ചി കൊത്തി  അരിഞ്ഞത് -ചെറിയ കഷണം
പച്ച മുളക് വട്ടത്തിൽ അരിഞ്ഞത് -മൂന്ന് എണ്ണം
കറിവേപ്പില -ഒരു കതിർപ്പ്
എണ്ണ-മൂന്ന് കപ്പ്
ഗരം മസാല -അര ടീസ്പൂൺ
പെരുംജീരകം പൊടിച്ചത് -അര ടീസ്പൂൺ
ബ്രെഡ് പൊടിച്ചത് -നാല് സ്ലൈസ്
മുട്ടയുടെ വെള്ള -രണ്ടെണ്ണം
മുളകുപൊടി -അര ടീസ്പൂൺ

## പാകം ചെയ്യുന്ന വിധം

മീൻ വിനാഗിരിയിൽ,മഞ്ഞൾപൊടി ,ഉപ്പ് ,ഗരംമസാല എന്നിവ ചേർത്ത് രണ്ട് ടേബിൾസ്പൂൺ വെള്ളമൊഴിച്ച് വേവിച്ചു പൊടിക്കുക .ഒരു ചീനച്ചട്ടിയിൽ എണ്ണ ഒഴിച്ച് സവാള ,ഇഞ്ചി ,പച്ചമുളക് കറിവേപ്പില ഇവ അല്പം ചേർത്ത് നന്നായി വഴറ്റുക .ഇതിലേക്കു ഉരുളക്കിഴങ്ങു പൊടിച്ചത് ,മീൻ എന്നിവ ചേർത്ത് വഴറ്റുക .ഗരംമസാല ,പെരുംജീരക പൊടി ,മുളകുപൊടി ,ഉപ്പ് ,എന്നിവ ചേർത്ത് വീണ്ടും വഴറ്റി നന്നായി യോജിപ്പിക്കുക .തണുത്ത ശേഷം ഉരുളകളാക്കുക .ഇത് കട്ലറ്റ് രൂപത്തിലാക്കി പതപ്പിച്ച മുട്ടയുടെ വെള്ളയിൽ മുക്കി ബ്രെഡ് പൊടിച്ചതിൽ പൊതിഞ്ഞ് എണ്ണയിൽ വറുത്ത് ചൂടാറുമ്പോൾ ഉപയോഗിക്കാം .

# പ്രഷർ കുക്കർ പ്ലം കേക്ക്

ചേരുവകൾ



മൈദ-ഒരു കപ്പ്
ഉണക്കമുന്തിരി-കാൽ കപ്പ്
കശുവണ്ടി-കാൽ കപ്പ്
എണ്ണ-കാൽ കപ്പ്
മുട്ട-രണ്ട്
കറുവപ്പട്ട പൊടിച്ചത്-കാൽ ടീസ്പൂൺ
ജാതിക്ക പൊടിച്ചത്-കാൽ ടീസ്പൂൺ
ബേക്കിംഗ് പൗഡർ-മുക്കാൽ ടീസ്പൂൺ
വാനില എസ്സെൻസ്-കാൽ ടീസ്പൂൺ
ഉപ്പ്-കാൽ ടീസ്പൂൺ
കാരമൽ-ഒരു കപ്പ്
വെള്ളം-അര കപ്പ്

പാകം ചെയ്യുന്ന വിധം

പഞ്ചസാര കാരമലാക്കുക.ഉണക്കമുന്തിരി,അണ്ടിപ്പരിപ്പ് ഇവ അൽപ്പം മൈദപ്പൊടി പുരട്ടിവെക്കുക.മുട്ടപൊടിച്ച് ഒരു പാത്രത്തിൽ ഒഴിക്കുക .ഇതിലേക്ക് കറുവ പൊടിച്ചത് ,ജാതിക്ക പൊടിച്ചത് ,ഉപ്പു ഇവ ചേർത്ത് അടിക്കുക .മൈദയും ബേക്കിങ് പൗഡറും കൂടി ഒരു അരിപ്പയിൽ അരിച്ചു ഈ മിശ്രിതത്തിലേക്ക് ചേർക്കുക .ഇതിലേക്ക് എണ്ണ ,വാനില എസ്സെൻസ് ,കാർമ്മൽ ഇവ ചേർത്ത് യോചിപ്പിക്കുക .മൈദ പൊടി ചേർത്ത് വച്ചിരിക്കുന്ന ഉണക്ക മുന്തിരി ,മിശ്രിതം യോചിപ്പിക്കുക .ബേക്കിംഗ് ട്രെയിൽ എണ്ണ പുരട്ടിയ ബട്ടർ പേപ്പർ ഇട്ടു മിശ്രിതം ഒഴിക്കുക .പത്രം തട്ടി മിശ്രിതം നിരപ്പാക്കുക .കുക്കറിൽ ഒരു കപ്പ് ഉപ്പുപൊടി നിരത്തി ഇട്ടു ഒരു സ്റ്റീൽ പ്ലേറ്റ് കമഴ്ത്തി ഇട്ടു കുക്കർ അടച്ചു വെച്ച് നല്ലതായി ചൂടാക്കുക .തീ കുറച്ചു ട്രെയിൽ ഇറക്കി വെച്ച് കുക്കർ അടക്കുക .വിസിൽ ഇടരുത് അൽപ സമയം തീ കുട്ടി വെക്കുക .പിന്നീട് കുറഞ്ഞ തീയിൽ ഇടകദേശം മുക്കാൽ മണിക്കൂർ ബാക്ക് ചയ്യുക .മുപ്പതു മിനിറ്റ് ആകുമ്പോൾ കുക്കർ തുറന്നു ഈർക്കിൽ ഉപയോഗിച്ചു കേക്കിന്റെ പാകം നോക്കണം .ഈർക്കിലിൽയിൽ കേക്ക് പറ്റിപിടിക്കുന്നില്ലെങ്കിൽ കേക്ക് പാകമായി എന്ന് മനസിലാക്കാം

കാരമൽ ആക്കുന്ന വിധം:ചുവടു കട്ടിയുള്ള പാത്രത്തിൽ പഞ്ചസാര ചെറുതീയിൽ ചൂടാക്കി ഉരുകി ബ്രൗൺ നിറമാകുമ്പോൾ ഒരു കപ്പ് തിളച്ച വെള്ളം കുറേശ്ശേ ഒഴിച്ച് മിശ്രിതം പതഞ്ഞു നല്ല ബ്രൗൺ ആക്കി എടുക്കണം .

ആതിര അശോകൻ
9B



# ഇന്നലെകൾ ഇല്ലാതെ

സൂര്യൻ തന്റെ അവസാന കിരണവും
ഭൂമി നിനക്കായ് സമ്മാനിച്ച് മാഞ്ഞു
ഇനിയും ഈ ഭൂമിയിൽ മറ്റൊരു സൂരിയോദയം
കാണാൻ എൻ കണ്ണുകൾക്കാവില്ല
നരകമി ഭൂമിയിൽ ജീവിച്ചു തീർന്നുഞാൻ
എന്റെ അവസാന പ്രാണ വായുവും ശ്വസിച്ചു
മരണമേ ........
എന്തിനാണ് ലോകം നിനക്കു
കറുത്ത നിറം നൽകിയത്
നിന്നിൽ അലിയാൻ ,നിന്നിലെ നിഴലായി
മാറാൻ എനിക്കും .
നീ എന്നിൽ നിന്നും ഏറെ അകലെ അല്ല
ഒന്നായി തീരും നമ്മൾ



ഉമാ മഹേശ്വരി എം. ജി

# ലഹരി അടിമത്തം

*സമൂഹം നേരിടുന്ന ഏറ്റവും വലിയ വിപത്തുകളിൽ ഒന്നാണ് ലഹരിമരുന്നുകളുടെ അടിമത്വം .മസ്തിഷ്കത്തിന്റെ ഏറ്റവും അപകടകാരിയായ ഒരു വ്യാധിയായി നമ്മുക്കിതിനെ നിർവചിക്കാം. അനിയന്ത്രിതമായ മനസികാവസ്ഥകളിലേക്കു ഒരു വ്യക്തിയെ നയിക്കുവാൻ ലഹരിമരുന്നുകൾക്കു സാധിക്കും .വ്യക്തിയുടെ നിയന്ത്രണം ലഹരിവസ്തുക്കളുടെ കൈകളിലേക്ക് വഴുതിമാറുന്ന അവസ്ഥ .എത്രതന്നെ വിപരീത ധൗർഭാഗ്യങ്ങളുമായ പരിണിതഫലങ്ങളുണ്ടായാലും ആ വിപതിനെപ്രതിനിതാണ് ചെയ്യുന്നു .ജീവിതത്തിന്റെ പരമമായ ലക്ഷങ്ങളുടെയും സ്വപ്നങ്ങളുടെയും തെറ്റിക്കുവാന്കഴിയും .സ്വാധ്യായം പിടിപ്പിക്കുവാനും കുറുമ്പാബന്ധങ്ങളിൽ വിള്ളലുകൾ സമ്മാനിച്ചുകൊണ്ടിരിക്കുവാനും ഇത്തരം വ്യക്തികൾക്കു തെല്ലും മടികാണില്ല .സ്വയം നശിക്കുക മാത്രമല്ല സമൂഹത്തിനെ കൂടി നശിപ്പിക്കുന്ന പ്രവണത്തെയാണ് ഇത്തരക്കാരിൽ കണ്ടുവരുന്നത് .എത്രയും വേഗം ലഹരി മരുന്നുകളുടെ പിടിയിൽനിന്നുള്ള മോചനത്തിന് വേണ്ടി ശ്രെമിക്കുന്നുവോ അത്രയും വേഗം ജീവിയ്ഹായത്തിൽ ഒരിക്കൽ കുടി നല്ല വ്യക്തിത്വത്തിനുടമയായി ജീവിക്കാനുള്ള ഒരു അവസരം ലഭിക്കും .*

# <u>My Friend</u>

My friend , Oh friend
I love you so much
My friend , Oh lovely
I can feel your presence

My friend , Oh sweet
I need you !
My friend ; Oh legend
I respect you !

Oh my  friend , where are you ?
I miss you !
My friend , Oh friend
I love you !

Neena Ann . Alex
*9 B*

അമൃത സുരേഷ്
9D



# ക്വിസ്

1. വാഹനങ്ങൾ ഓടിയ ദൂരം കാണിക്കുന്നത് ?
ഉത്തരം : ഓഡോമീറ്റർ

2 . നോബൽ സമ്മാനം നേടിയ ആദ്യത്തെ ഇംഗ്ലീഷ് സാഹിത്യകാരൻ ആര് ?
ഉത്തരം : റുഡ്യാർഡ് കിപ്ലിംഗ്

3.'ഹോക്കി മാന്ത്രികൻ' എന്നറിയപ്പെടുന്ന ഇന്ത്യൻ ഹോക്കി കളിക്കാരൻ?
ഉത്തരം: ധ്യാൻ ചന്ദ്

4.2002-ലെ വയലാർ അവാർഡ് ലഭിച്ച സാഹിത്യകാരൻ?
ഉത്തരം: അയ്യപ്പ പണിക്കർ

5.കൊല്ലവർഷം ആരംഭിച്ചത് ആരുടെ കാലത്താണ്?
ഉത്തരം:രാജശേഖരവർമ്മ

6.കേരളത്തിലെ ആദ്യത്തെ വിദ്യാഭാസ മന്ത്രി?
ഉത്തരം:ജോസഫ് മുണ്ടശ്ശേരി

7.അന്തരീക്ഷമർദ്ദം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം?
ഉത്തരം: ബാരോമീറ്റർ

8.ബുദ്ധന്റെ ജന്മസ്ഥലം?
ഉത്തരം : ലുംബിനി

9.കേരള ഹൈകോടതിയുടെ ആസ്ഥാനം?
ഉത്തരം: എറണാകുളം

10.'ഹിരാക്കുഡ്' അണക്കെട്ട് എവിടെയാണ്?
ഉത്തരം : ഒറീസ

# വികൃതമായ മരം

അക്സ സാറാ വിൽസൺ

7 A

ഒരു വലിയ കാട്ടിൽ ഒരു പ്രത്യേക തരാം മരം ഉണ്ടായിരുന്നു . ആ മരം മറ്റു മരങ്ങളെ പോലെ ഒന്നും അല്ലാരുന്നു . വളവുള്ള കൊമ്പും വികൃതമായ തടിയും ചുരുങ്ങിയ ഇലകളുമായിരുന്നു ഇതിന്റെ പ്രത്യേകത .അതിന്റെ ചുറ്റുമുള്ള മരങ്ങളെല്ലാം ഉയരം ഉള്ളതും ഭംഗി ഉള്ളതുമായിരുന്നു .ഈ മരം മറ്റു മരങ്ങളെക്കാൾ ചെറുതായിരുന്നു .അതുകൊണ്ടു ഇതിനു ഒരിക്കലും സന്തോഷിക്കാൻ കഴിഞ്ഞിരുന്നില്ല .അങ്ങനെ ഇരിക്കെ ഒരു ദിവസം ഒരു മരം വെട്ടുകാരൻ ആ വഴി വന്നു .ആപ്രദേശത്തുള്ള മരമെല്ലാം വെട്ടുകയായിരുന്നു അവസാനം വികൃതമായ മരത്തിന്റെ ഊഴം വന്നു. മരം വെട്ടുകാരൻ വികൃതമായ മരത്തെ സസൂഷ്മം നിരീക്ഷിച്ചിട്ടു ഇങ്ങനെ പറഞ്ഞു "ഈ മരംകൊണ്ടു എനിക്ക് യാതൊരു പ്രയോജനവുമില്ല ."വെറുതെ എന്റെ സമയം കളയുമെന്നല്ലാതെ ".ഇങ്ങനെ പറഞ്ഞു ആ മരം വെട്ടുകാരൻ പോയി .ഇത് കേട്ടപ്പോൾ മരത്തിനു വളരെ സന്തോഷമായി .മരത്തിനു സ്വയം അഭിമാനം തോന്നി . അങ്ങനെ ആ മരം കുറെ നാൾ സന്തോഷത്തോടെ ജീവിച്ചു .

ഗുണപാഠം :ഉള്ളതുകൊണ്ട് നമ്മൾ എപ്പോഴും തൃപ്തിപെടണം .

അമൃത ജി ലക്ഷ്മി
9 B



# അദ്ധ്യാപകർ

ഭക്ത കവിയായ ശൂർദാസ് ഇങ്ങനെ പറഞ്ഞു "ഈശ്വരനും ഗുരുവും എന്റെ മുൻപിൽ വന്നുനിന്നാൽ ഞാൻ ആദ്യം ഗുരുവിനെ നമസ്കരിക്കും .എന്താണെന്നോ ഈശ്വരനെ കാണാനുള്ള ശക്തി എനിക്ക് പ്രധാനം ചെയ്തത് ഗുരുവാണ് ." ഗുരുവിനെ പ്രാചീന ഭാരതം എത്ര ഉല്കൃഷ്ടമായിട്ടാണ് കണ്ടതെന്ന് ഈ വരികളിൽ നിന്നും ബോധ്യമാകും .വ്യക്തിത്വമുള്ള ഒരു ജനത വളർന്നു വരാൻ വ്യവസായ വിപ്ലവം കൊണ്ട് കഴിയില്ല .അടിസ്ഥാന പരമായ വിദ്യാഭ്യാസം കൊണ്ട് മാത്രമേ കഴിയു.മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനു മാത്രമേ നല്ല കുട്ടികളെ സംഭാവന ച്ചയാണ് കഴിയു .രാജ്യത്തിൻറെ യഥാർത്ഥ സൃഷ്ടാക്കൾ ആണ് അദ്ധ്യാപകർ .രാഷ്ട്രം എന് പറഞ്ഞാൽ ക്രിയാത്മകവും പുരോഗമനാത്മകവുമായ ചിന്തയിൽ മുഴുകി കഴിയുന്ന ജനങ്ങളുടെ സംഘാതം ,എന്ന അർത്ഥത്തിലാണ് മുകളിൽ സൂചിപ്പിച്ച വാക്യം എഴുതിയത് ."കുട്ടികളോടുള്ള സ്നേഹവും തൊഴിലിനോടുള്ള പവിത്രതയും കൂടിച്ചേരുമ്പോൾ ആണ് ഒരുവൻ പൂർണ അദ്ധ്യാപകൻ ആകുന്നത് എന്ന് ടോൾസ്റ്റോയ് പറഞ്ഞിട്ടുണ്ട് .മെച്ചപ്പെട്ട ജനതയെ വാർത്തെടുക്കുന്നതിൽ ആദ്യപൻറെ പങ്കു അനിഷേധ്യമാണ് .

# അച്ചുവും കളിപ്പാട്ടവും

അലീന എസ്

8 A

അച്ചുവിന് കുറെ കളിപ്പാട്ടങ്ങൾ ഉണ്ടായിരുന്നു .അതിൽ അവനു ഏറ്റവും ഇഷ്ടമുള്ളത് ഒരു കാറാണ് .അവൻ എപ്പോഴും കാറ് കൊണ്ട് കളിക്കും .കുറെ നാൾ കഴിഞ്ഞപ്പോൾ കാറിന്റെ നിറം മങ്ങി .'അമ്മ കാർ മുറ്റത്തേക്കു വലിച്ചെറിഞ്ഞു .കാർ സങ്കടംകൊണ്ട് കിടന്നു .കുറച്ച ദിവസം കഴിഞ്ഞപ്പോൾ അവർ വീടിന്റെ ഭിത്തിയിൽ പെയിന്റ് അടിക്കുകയായിരുന്നു .പെട്ടന്നൊരാളുടെ കയ്യ് തട്ടി കുറെ പാട്ടിന്റെ താഴെ വീണു .വീണതോ മുറ്റത്തു കിടന്ന അച്ചുവിന്റെ കാറിൽ .അതോടെ കാറാകെ ചുമന്ന ചെയ്യാതിൽ കുളിച്ചു .കുറച്ച സമയം കഴിഞ്ഞപ്പോൾ കാറിൽ പറ്റിയ പെയിന്റ് ഉണങ്ങി .മുറ്റത്തു കളിച്ചുകൊണ്ടിരുന്ന അച്ചു കാർ കണ്ടു.ഹായ് !നിന്നെ കാണാൻ എന്തൊരു ഭംഗി അച്ചു പറഞ്ഞു .അച്ചു ഓടി വന്ന് കാറിനെ വാരിയെടുത്തു .അതോടെ കാറിന്റെ സങ്കടവും മാറി.

# സമാധാനം

കെസിയ മറിയം കോശി

7B

ഒരിടത്തു ഒരിടത്തു ഒരു ധനികനും ദരിദ്രനും നഗരത്തിൽ ജീവിച്ചു .ഒരിക്കൽ ദരിദ്രൻ ധനികനോട് ഭിക്ഷ യാചിച്ചു .ധനികൻ അവനു മൂന്നു പൊൻപണം നൽകി .അവൻ തൃപ്തനായി ധനികന്റെ വീട് വൃത്തിയാക്കി കൊടുത്തു .പിറ്റേ ദിവസം ദരിദ്രൻ ഭിക്ഷ യാചിച്ചു .ധനികൻ നാല് പൊൻപണം നൽകി .ദരിദ്രൻ ധനികന്റെ വീട്ടിലെ ജോലികൾ ചെയ്തു കൊടുത്തു .ഇത് ആവർത്തിച്ചു കൊണ്ടിരുന്നു .ഒരിക്കൽ ദരിദ്രൻ ധനികന്റെ വിഷമ സ്ഥിതി അന്വേഷിച്ചു .ധനികൻ തന്റെ കാരണം വെളിപ്പെടുത്തി.തനിക് നിദ്രയിൽ ഏ്യർപ്പെടുവാൻ സാധിക്കില്ലായെന്നും ചുറ്റും കള്ളന്മാരാണെന്നും തനിക് വേണ്ടി കുറച്ച ദിവസം ഇത് സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ടു .

ദരിദ്രന് അന്നുമുതൽ ഉറങ്ങുവാൻ സാധിച്ചില്ല .തന്റെ പണം ആരെങ്കിലും മോഷ്ടിക്കുമോ എന്ന് ഭയന്നു.അദ്ദേഹത്തിന്റെ ഉറക്കം നഷ്ടപെട്ടു.ഒടുവിൽ അദ്ദേഹം ധനികന്റെ അടുക്കൽ ചെന്നു പറഞ്ഞു .

"പണത്തേക്കാൾ ഞാൻ സമാധാനത്തെ ഇഷ്ടപെടുന്നു ;ലോകത്തിൽ സമാധാനത്തെക്കാൾ വലുതായി ഒന്നുമില്ല .ക്ഷമിക്കണം ഇത് എനിക്ക് സൂക്ഷിക്കുവാൻ സാധിക്കില്ല ".

# പുഴ

ഞാനൊരു പുഴയായിരുന്നു
പണ്ടു പണ്ട്
കുന്നിൻമുകളില് നിന്നും
പുതുവഴിതേടിവന്ന പുഴ
കല്ലിനേയും മുള്ളിനേയും
തലോടി ഞാൻ ഒഴുകി
പൗർണമിയില് ചന്ദ്രൻ
എന്നിൽ മുഖം നോക്കി

മനുഷ്യൻ ഞാൻ
ദാഹശമനിയായി
മരുഭൂമികളെ ഞാന്
പൂങ്കാവനമായി
കുഞ്ഞുങ്ങൾക്ക് ഞാന്
കളിക്കൂട്ടുകാരനായി
എന്നെയാശ്രയിച്ച്
നൗകകളെ ഞാന്
ലക്ഷ്യസ്ഥാനത്തെത്തിച്ചു

എന്നെ പ്രണയിച്ച
കമിതാക്കളെയും
ഞാനിന്നുമൊരു പുഴയാണ്
മനുഷ്യനെന്റെ പൊക്കിൾകൊടി മുറിച്ചുമാറ്റി

ഞാൻ പാലൂട്ടിയവൾ തന്നെ
എന്റെ വേരറുത്തു
ഞാനിന്നുമൊരു പുഴയാണ്
കണ്ണുനീർ ശേഖരിച്ചു
പുഴയായി ഒഴുകിക്കൊണ്ടിരിക്കുന്ന പുഴ

അർച്ചന വിനോദ്
9C

# അവളും പറക്കട്ടെ ഒരു പക്ഷിയെപോലെ

ഗ്ലാഡിസ് ബാബു 8 A

"മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു പക്ഷെ എല്ലായിടത്തും അവർ ചങ്ങലകളാൽ ബന്ധിതരാണ് "ചിന്തകന്റെ ഈ വാക്കുകൾക്ക് ഇന്ന്അത് അർഹിക്കുന്നതിലും അധികം സ്വീകാര്യത ലഭിക്കുന്നുണ്ട്.കാലം ഇത്ര വളർന്നിട്ടും ലോകം ഇത്ര പുരഗമിച്ചിട്ടും സ്ത്രീ സമൂഹം ഇന്നും ഏതോക്കെയോമതില്കെട്ടിനുള്ളിൽ ചങ്ങലകളാൽ ബന്ധിതരാണ്.അവർക്കുംത്രമായി ചില അതിരുകൾ സമൂഹവും പ്രകൃതിയും കാത്തുവച്ചിരിക്കുന്നു. സ്ത്രീയെ അമ്മയായും വീടിന്റെ വിളക്കായും ഒക്കെ പ്രകീർത്തിക്കുന്നവർ,പക്ഷെ ആ നാലുചുവരിൽ നിന്നും സ്വാതന്ത്രത്തിന്റെ വിശാലതയിലേക്കുള്ള അവളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നില്ല.പലപ്പോഴും സ്ത്രീകളുടെ വളർച്ചയെ അസൂയയോടെ നോക്കിക്കാണുന്ന ഒരു സമൂഹം ആണ് നമ്മുക്കുള്ളത്.ചിലപ്പോഴെല്ലാം പുരുഷാധിപത്യത്തിനുള്ളിലേക്കു സ്ത്രീകൾ തിരുകി കയറേണ്ട അവസ്ഥയും ഉണ്ട്.വിദ്യാഭ്യാസ മേഖലയിലും പൊതുസമൂഹത്തിലും സ്ത്രീ അവൾക്കു അർഹിക്കുന്ന സ്ഥാനം ആണ് ആഗ്രഹിക്കുന്നത്.നിയമം കൊണ്ട്അത് അവൾക്കു നേടിക്കൊടുക്കുകയാണ് വേണ്ടത്.പുരോഗമനത്തിന്റെ മടിത്തട്ടിലേക്ക് ഉയർന്നിട്ടും മനുഷ്യൻ അനാചാരങ്ങളുടെ മുടിയിൽ നിന്നും വെളിയിൽ വന്നിട്ടില്ല എന്നുള്ളതാണ് സത്യം.പണ്ട്കാലങ്ങളിൽ അനാചാരങ്ങൾ അനുഷ്ഠിച്ചു ചുമരുകൾക്കുളിൽ ഒതുങ്ങി പോകുന്ന സ്ത്രീകൾ ഉണ്ടായിരുന്നു എന്നാൽ അതിൽ നിന്നും ഒക്കെ വ്യത്യസ്തമായി ഇന്ന്സ്ത്രീസമൂഹം വളർന്നിരിക്കുന്നു,എങ്കിലും നാലു ചുമരുകൾക്കുളിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന സ്ത്രീ ജീവിതങ്ങളും നമ്മുടെ സമൂഹത്തിൽ ഇന്ന് അവശേഷിക്കുന്നു.കാലങ്ങൾ ഇത്രകഴിഞ്ഞിട്ടും സ്ത്രീയേ അടിച്ചമർത്തുന്ന അനാചാരങ്ങൾ ഇന്നും ബാക്കി നില്കുന്നു.ഒരു ചോദ്യചിഹ്നം പോലയാണ്ഓരോ സ്ത്രീയുടേയും ജീവിതം. സ്വയാതിരുമാനങ്ങളില്ല ആരുടയോക്കയോ ചൊൽപ്പടിക്ക് അനുസരിച്ചു ഒരു പാവയെ പോലെ ആയി തീർന്നു ഇരിക്കുന്നു,മുഴുവനായി അല്ല എങ്കിലും ഭാഗികമായെങ്കിലും സ്ത്രീ ജീവിതം ആകാശം നോക്കി പറക്കാൻ മോഹിക്കുന്ന പക്ഷിയെപ്പോലെയാണ് ഓരോ സ്ത്രീയും.

കാലക്രമേണ മാറി വരുന്ന സ്ത്രീ ജീവിതം ഈ നുറ്റാണ്ടിലെങ്കിലും പൂർണമായി പുരുഷ തുല്യമാകട്ടെ......................................

Devayani J
9C



# NUMBER PATTERN

2 = 13458 / 6729

3 = 17469 / 4823

4 = 15768 / 3942

5 = 13485 / 2697

6 = 17658 / 2943

7 = 16758 / 2394

8 = 25496 / 3187

9 = 57429 / 6381

# FUN WITH NUMBERS

**2 X 12 = 144**

**21 X 21 = 441**

**13 X 13 = 169**

**31 X 31 = 961**

# MAGIC GAME;

**37 X 3 = 111**

**37 X 6 = 222**

**37 X 9 = 333**

**37 X 12 = 444**

**37 X 15 = 555**

**37 X 18 = 666**

**37 X 21 = 777**

**37 X 24 = 888**

**37 X 27 = 999**

# GREAT MATHEMATICS;

**1 X 1 = 1**

**11 X 11 =121**

**111 X 111= 12321**

**1111 X 1111 = 1234321**

**11111 X 11111 = 123454321**

**111111 X 111111 = 12345654321**

**1111111 X 1111111 = 234567654321**

**11111111 X 11111111 = 123456787654321**

**111111111 X 111111111 = 12345678987654321**

MERINA MANOJ

10 B

# കടപ്പാട്

സ്നേഹപൂർവ്വം .......................

ഹെഡ്മിസ്ട്രസിന്

ലിറ്റിൽ കൈറ്റ് മാസ്റ്റേഴ്സ്

SITC

Sisters & Teachers

Little Kite Members

This document was created with Win2PDF available at http://www.win2pdf.com.
The unregistered version of Win2PDF is for evaluation or non-commercial use only.
This page will not be added after purchasing Win2PDF.